പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2534 **28-10-2026-ൽ മറുപടിയ്ക്ക്**

പട്ടികജാതി വനിതകളുടെ സ്വയം തൊഴിൽ സഹായ പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. പാറക്കൽ അബ്ദുല്ല

ശ്രീ. ഫൈസൽ ബാബു

ശ്രീമതി ഫാത്തിമ തഹിലിയ

മറുപടി നൽകിയ മന്ത്രി

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) പട്ടികജാതി വനിതകളുടെ സാമ്പത്തിക സുരക്ഷയും, സംരംഭകത്വവും പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക സ്വയം തൊഴിൽ സഹായ പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

മറുപടി: പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വനിതകളുടെ സാമ്പത്തിക സ്വയംപര്യാപ്തത ഉറപ്പുവരുത്തുന്നതിനും, സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും, സുസ്ഥിര തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി **"ദാക്ഷായണി സ്വയംതൊഴിൽ സഹായ പദ്ധതി"** ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിന്റെ വിശദാംശം നൽകുമോ;

മറുപടി: പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് വ്യക്തിഗതമായോ സ്വയംസഹായ സംഘങ്ങൾ മുഖേനയോ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം ലഭ്യമാക്കുന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന അഞ്ചോ അതിൽ അധികമോ വനിതകൾ സ്വയംഭരണ അംഗങ്ങളായിട്ടുള്ളതും ജില്ലാ രജിസ്ട്രാർ ഓഫീസിൽ/കുടുംബശ്രീയിൽ/തദ്ദേശ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ സ്വയം സഹായ സംഘങ്ങൾക്കും, സംരംഭം ആരംഭിക്കുന്നതിന് ആഗ്രഹിക്കുന്ന വനിതകൾക്കും (വ്യക്തിഗതം) പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ആനുകൂല്യം പദ്ധതി പ്രകാരം ലഭ്യമാകുന്നതാണ്. സംസ്ഥാനത്ത് സ്ത്രീസംരംഭകരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും, തൊഴിൽ സൃഷ്ടിക്കുന്നതിനും, നവീന സാങ്കേതികവിദ്യയും പ്രാദേശിക വിഭവങ്ങളും പ്രയോജനപ്പെടുത്തി മത്സരക്ഷമമായ സംരംഭങ്ങൾ വികസിപ്പിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

(സി) പ്രസ്തുത പദ്ധതിയിൽ പരമാവധി എത്ര തുകയാണ് സഹായധനമായി നൽകുന്നത്?

മറുപടി: പദ്ധതി പ്രകാരം നൽകുന്ന സഹായധനം ചുവടെ ചേർക്കുന്നു

ഗ്രൂപ്പ് സംരംഭങ്ങൾക്ക് (പുതിയ സംരംഭം): അംഗീകൃത പദ്ധതി തുകയുടെ 75 ശതമാനം, അതായത് പരമാവധി 10,00,000/- (പത്ത് ലക്ഷം രൂപ) പട്ടികജാതി വികസന വകുപ്പ് സബ്സിഡിയായി അനുവദിക്കുന്നു. ബാക്കി തുക നാഷണലൈസ്ഡ്/ഷെഡ്യൂൾഡ് ബാങ്കുകൾ, കേരള ബാങ്ക്, കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ അല്ലെങ്കിൽ പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങൾ എന്നിവ വഴി വായ്പയായി സ്വരൂപിക്കേണ്ടതാണ്.

വ്യക്തിഗത സംരംഭങ്ങൾക്ക് (പുതിയ സംരംഭം) 5,00,000/- (അഞ്ച് ലക്ഷം രൂപ) വരെയുള്ള പ്രൊജക്ടുകൾക്ക് പ്രൊജക്ട് കോസ്റ്റിന്റെ 75 ശതമാനം, അതായത് പരമാവധി 3,75,000/- (മൂന്നേമുക്കാൽ ലക്ഷം രൂപ) പട്ടികജാതി വികസന വകുപ്പ് സബ്സിഡിയായി അനുവദിക്കുന്നു. ബാക്കി തുക അംഗീകൃത ബാങ്കുകൾ അല്ലെങ്കിൽ ധനകാര്യ സ്ഥാപനങ്ങൾ വഴി വായ്പയായി കണ്ടെത്തേണ്ടതാണ്.

സെക്ഷൻ ഓഫീസർ